## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 813 — 7.2.2013-ലെ മറുപടിക്ക്

### നൂറനാട് സാനട്ടോറിയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നൂറനാട് സാനട്ടോറിയത്തിന്റെ സ്ഥലം മുഴുവനും ആരോഗ്യ വകുപ്പിന് കീഴിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ : | എ) & ബി) | ആരോഗ്യ വകുപ്പിനു കീഴിലുള്ള മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനട്ടോറിയത്തിലെ 50 ഏക്കർ സ്ഥലം ഐ.റ്റി.ബി.പി-ക്ക് കൊടുക്കാൻ 23.7.2012-ൽ മുഖ്യമന്ത്രി വിളിച്ച് കൂട്ടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയതിൻ പ്രകാരം ടി സ്ഥലത്തിന്റെ ചുറ്റളവിലുള്ള 25 ഏക്കർ സ്ഥലം കണ്ടെത്തുവാനും ആയത് സാനട്ടോറിയത്തിനോട് ചേർക്കാനും 20 ഏക്കർ ഹോസ്പിറ്റലിനും ക്വാർട്ടേഴ്സിനും 50 ഏക്കർ ഐ.റ്റി.ബി.പി-യ്ക്കും 71 ഏക്കർ ആരോഗ്യ വകുപ്പിന് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസോ അത് പോലെ സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്കോ വേണ്ടിയുള്ള ഒരു പ്ലാൻ തയ്യാറാക്കാൻ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത സ്ഥലത്തിൽ നിന്നും ഐ.ടി.ബി.എഫ്-ന് പാട്ടത്തിനു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ : എങ്കിൽ തീരുമാനം പിൻവലിക്കുമോ : | | |
| സി) ഈ സ്ഥലത്ത് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ : | സി) | മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല |
| ഡി) തഴക്കര പഞ്ചായത്തിലെ വെട്ടിയാർ ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) | നിലവിലെ സാഹചര്യത്തിൽ ആയുർവേദ ആശുപത്രികളിൽ മാത്രമാണ് കിടത്തി ചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ളത്. തഴക്കര പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറിയാണ് പ്രവർത്തിച്ചു വരുന്നത്. ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്ന് പ്രസ്തുത ഡിസ്പെൻസറി. ആയുർവേദ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ